# കടലാസ്

സ്കൂളും കോളേജും തുറന്ന ഈ സന്ദർഭത്തിൽ കടലാസ്സ് കിട്ടാത്തതിനെപ്പററിയും, കിട്ടിയാൽ തന്നെയും അതിനു കൊടുക്കേണ്ട തീവിലയെപ്പററിയും ഉള്ള മുറവിളിയാണ് എവിടെയും കേൾക്കുന്നതു്. നാം ഒരു കടലാസ്സ് യുഗത്തിലാണ് ജീവിക്കുന്നതു് എന്ന വസ്തുത ഇപ്പോൾ മാത്രമേ വ്യക്തമാകുന്നുള്ളു. ഈ സാധനം ഇല്ലെങ്കിൽ ഇന്നത്തെ ലോകം ഒരു ദിവസംപോലും ഉദിച്ചുണരുകയില്ല എന്നു തോന്നിപ്പോകുന്നു. പലർക്കും നേരം വെളുക്കുമ്പോൾ കാപ്പിയേക്കാൾ അത്യാവശ്യമായിത്തീർന്നിട്ടുള്ള വർത്തമാനക്കടലാസ്സിന്റെ കാര്യം വിട്ടാലും ഇതു് പരമാർത്ഥമാണ്. ഭരണമെന്നും, വിദ്യാഭ്യാസമെന്നും, വ്യാപാരമെന്നും, വ്യവസായമെന്നും പറയുന്ന പ്രക്രിയകൾ സമസ്തവും ഈ മരച്ചുണ്ടാക്കിയ കടലാസ്സിൽ കരികലക്കിയുണ്ടാക്കിയ മഷി പുരട്ടി നടത്തുന്ന വിദ്യകളാണ്. പണം എന്നു പറയുന്ന സർവ്വശക്തമായ വസ്തുപോലും ആധുനികകാലത്ത് തനി കടലാസ്സായി മാറിയിരിക്കുന്നു. പണത്തിനോ ഞെരുക്കം; കടലാസ്സുപണത്തിനു് അതിലും ഞെരുക്കം, എന്ന നിലയും വന്നിരിക്കുകയാണ്. അററസ്സാതെതാകുവുന്ന കടലാസ്സുപണം (കാൻസി നോട്ടുകൾ) കാണാനില്ല. നാസിക്കിലെ സെക്യൂരിററിപ്രസ്സ് രാപകലില്ലാതെ നോട്ടടിക്കുകയാണെന്നു പറയുന്നു. കള്ളനോട്ടടിയും വൻതോതിൽ നടക്കുന്നുണ്ട് എന്നിട്ടും ഒന്നിന്റേയും അഞ്ചിന്റേയും പത്തിന്റേയും നോട്ടുകൾ കിട്ടാനില്ല. ഇതെല്ലാം എവിടെ പോകുന്നു എന്നു് പലരും ചോദിക്കാറുണ്ട്. അതറിയുവാൻ അത്ര വലിയ അന്വേഷണമൊന്നും നടത്തേണ്ടതില്ല. എല്ലാം പല പല രഹസ്യസ്ഥാനങ്ങളിൽ കുന്നുകൂടുകയാണ്. പുറത്തെടുത്തു് മററു രൂപത്തിലാക്കിയാൽ നികുതി പിരിവുകാർ പിടികൂടും. എവിടെനിന്നു് കിട്ടി എന്നു പറയണം. എങ്ങനെകിട്ടി എന്നു തെളിയിക്കണം. എത്ര കിട്ടി, എന്നുകിട്ടി, എന്നൊക്കെയുള്ള വസ്തുതകൾ വെളിപ്പെടുത്തണം. അതിനൊന്നും ഇടകൊടുക്കാതെ കടലാസ്സ് കടലാസ്സായിത്തന്നെ ഒളിച്ചുവയ്ക്കുകയാണ്. പക്ഷേ, അതിൽ മറെറാരു ആപത്തുണ്ട്—ഡീമോണിറൈററസേഷൻ. ഒരു പ്രഭാതത്തിൽ സർക്കാരു പറയും, ഒരു നിർദ്ദിഷ്ട ദിവസത്തിനുശേഷം നിലവിലുള്ള നൂറുരൂപാ നോട്ടുകൾ വിലയില്ലാത്തവയായിത്തീരും എന്നു്. അതിനുമുമ്പായി നൂറുരൂപാ നോട്ടുകൾ കൈവശമുള്ളവർ അവയെ ഖജനാവിൽ കൊടുത്തു് വിലവാങ്ങിച്ചുകൊള്ളണം അപ്പോൾ കെട്ടുകെട്ടായി ഇരുമ്പുപെട്ടിയിലും ഭൂമിക്കടിയിലും സൂക്ഷിച്ചിരിക്കുന്ന നൂറുരൂപാനോട്ടുകൾ മുഴുവനും പുറത്തെടുക്കേണ്ടിവരും. അധികാരികൾക്കു് അതു് പിടികൂടി ചോദ്യം ചെയ്യാനും തരംകിട്ടും. ഈ ആപത്തു് ബ്രിട്ടീഷ് ഭരണകാലത്തു ഉണ്ടായിട്ടുള്ളതാണ്. അതു് വീണ്ടും ഉണ്ടായേക്കും എന്നു ഭയന്നു് ഇപ്പോൾ ചെറിയതരം നോട്ടുകളാണ് സംഭരിക്കുന്നതു്. സ്ഥലം കൂടുതൽ വേണമെങ്കിലും അതിൽ ഇപ്പറഞ്ഞ ആപത്തില്ല. നൂറുരൂപാനോട്ടുകൾ ഡീമോണിറൈററസ് ചെയ്താൽ ഈ രാജ്യത്തെ ദൈനംദിനജീവിതം സ്തംഭിച്ചുപോകും. പണക്കാർക്കുമാത്രമല്ല പാവങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകും. അതു് ഒരു ഗവൺമെൻറും ചെയ്യുകയില്ല. പാവങ്ങൾക്കുവേണ്ടിയാണല്ലോ എല്ലാം ഗവൺമെൻറുകളും ഭരിക്കുന്നതു്! വോട്ടിന്റെ ഭൂരിഭാഗവും അവരുടെ കയ്യിലുമാണ്.

ചുമരില്ലാതെ ചിത്രമില്ല എന്നുപറഞ്ഞതുപോലെ, കടലാസ്സില്ലെങ്കിൽ ഈ പരിഷ്കൃതവിദ്യകളൊന്നും നടപ്പില്ല. മഷിയില്ലെങ്കിൽ പെൻസിലോ, കരിക്കട്ടയോ, ചെങ്കല്ലോ, ചോക്കുവോ എന്തെങ്കിലും ഉപയോഗിക്കാം. പക്ഷേ കടലാസ്സിന് കടലാസ്സുതന്നെ വേണം. പനയോലയും താമ്രപത്രവും ഒന്നും മതിയാവുകയില്ല. പണ്ടത്തെ എഴുത്തും എടപാടുകളും അവയെക്കൊണ്ട് നടത്താമായിരുന്നു. ഇന്നിപ്പോൾ ആവശ്യങ്ങൾ എന്തെന്നില്ലാതെ വർദ്ധിച്ചിരിക്കുന്നു. കേരളത്തിലെ പനയോല മുഴുവനും ശേഖരിച്ചാലും ഒന്നാംക്ലാസ്സിലെ കുട്ടികൾക്ക് അക്ഷരമാല എഴുതുവാൻപോലും തികയുകയില്ല. താമ്രപത്രമാണെങ്കിൽ രാഷ്ട്രീയയാതനക്കാരുടെ തിരക്കിനിടയ്ക്കു് മററാർക്കും അതേപ്പററി ചിന്തിക്കാൻപോലും സാദ്ധ്യമല്ല.

മഷിപുരട്ടുന്ന ആവശ്യം മാത്രം ആലോചിച്ചാൽ തന്നെയും, എഴുത്തിനുമാത്രമല്ല ഇന്നു് കടലാസ്സുവേണ്ടതു്. അച്ചടി എന്ന അത്ഭുതവിദ്യയുണ്ട്. (ഇടയ്ക്കൊന്നു പറയട്ടെ. ഇതു് ഗുട്ടൻബർഗ്ഗ് എന്ന ജർമ്മൻകാരൻ 15-ാം നൂററാണ്ടിൽ കണ്ടുപിടിച്ചതാണെന്നാണ് പാശ്ചാത്യ ചരിത്രകാരന്മാർ നമ്മെ ധരിപ്പിച്ചിരുന്നതു്. ഇപ്പോഴിതാ കൊറിയക്കാർ പറയുന്നു, അവരുടെ രാജ്യത്തു് 11-ാം നൂററാണ്ടിൽത്തന്നെ ലോഹത്തിൽ കൊത്തിയെടുത്ത, നീക്കാവുന്ന അച്ചുകൾ ഉപയോഗിച്ച് അതിമനോഹരമായ അച്ചടി നിലവിലുണ്ടായിരുന്നു എന്നു്, സംശയരഹിതമായ തെളിവുകളും കാണിച്ചിട്ടുണ്ട്.) അച്ചടിവിദ്യയാണ് ഭൂമിയിലെ മരമെല്ലാം തിന്നുതീർക്കുന്നതു്. താളും പുറവും എണ്ണിയതുകൊണ്ടൊന്നും അതിന്റെ കണക്കുകിട്ടുകയില്ല. മില്യൻ (പത്തുലക്ഷം) ടൺ

ഡോ. കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

എന്ന അളവ് സ്വീകരിക്കേണ്ടിയിരിക്കുന്നു. ലോകത്തിലെ ബഹുസഹസ്രം പത്രങ്ങളിൽ ഒന്നുമാത്രമായ ന്യൂയോക്ക് ടൈംസിന്റെ 1968-ലെ ഒരു ഞായറാഴ്ചപ്പതിപ്പിന് 17 ഭാഗങ്ങളും, 739 പുറങ്ങളും 7 റാത്തൽ ഭാരവും ഉണ്ടായിരുന്നതായി ആരോ എഴുതിയിരുന്നു. ഇന്ന് അതിലൊക്കെ കൂടിയിട്ടുണ്ടാവണം. 'വാട്ടർഗേറ്റ്'' കേസിന്റെ റിപ്പോർട്ടിനു തന്നെ അനേകശതം പേജുകൾ വേണ്ടിവരും. ഈ ഒരൊറ്റക്കാര്യം കൊണ്ടുമാത്രം അമേരിക്കയിൽ പത്രക്കടലാസിന്റെ ചെലവ് അഞ്ചുശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നു. ലോകമാകെ അനുഭവപ്പെടുന്ന ന്യൂസ്പ്രിന്റ് ക്ഷാമത്തിന് ഇതും അതിപ്രധാനമായ ഒരു കാരണമാണത്രേ.

ചില രാജ്യങ്ങളിൽ അച്ചടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ തന്നെ കടലാസ്സ് നിർമ്മാണവും, അതിനുവേണ്ട മരംവളർത്തലും നടത്തുന്നുണ്ട്. അങ്ങനെ ചെയ്യില്ലെങ്കിൽ വ്യവസായം മുടങ്ങിപ്പോകും. ഒരു മരം വെട്ടുമ്പോൾ അതിന് പകരമൊന്ന് നട്ടുപിടിപ്പിക്കുവാനും അവർ ശ്രദ്ധിക്കുന്നു. നമ്മുടെ രാജ്യത്ത് അങ്ങനെയുള്ള മുൻകരുതലും ദീർഘകാലപദ്ധതിയും ഒന്നുമില്ല. 'കാട്ടിലെ തടി. തേവരുടെ ആന.' അത്രതന്നെ. പക്ഷേ, ഇപ്പോൾ തന്നെ കാട്ടുമില്ല, തേവരുമില്ല, ആനയുമില്ല എന്നായിരിക്കുന്നു. പിന്നെ എങ്ങനെ കടലാസുണ്ടാകും? ഒരു ടൺ കടലാസ് നിർമ്മിക്കുന്നതിന് 50–60 വർഷമെങ്കിലും പ്രായമുള്ള 17 വൻമരങ്ങൾ മുറിച്ചെടുത്ത് അരയ്ക്കണമെന്നാണ് പറയുന്നത്. വേറെയും സാധനങ്ങൾ വേണം. അവയും കടുത്ത ക്ഷാമം നേരിട്ടിരിക്കുകയാണ്. ഉദാഹരണം: രസം (മെർക്കുറി) അതു ചേർത്തില്ലെങ്കിൽ വെള്ളത്തിലിട്ട മരത്തിൽ ഉണ്ടാകുന്ന വഴുവഴുപ്പ് നീങ്ങുകയില്ല. കടലാസ് വ്യവസായം എന്തെന്നില്ലാതെ വർദ്ധിച്ചതുമൂലം ഈ വിഷപദാർത്ഥം മനുഷ്യരുടെ ആരോഗ്യത്തിന് വലിയ ആപത്തായും തീർന്നിട്ടുണ്ട്.

അച്ചടിവ്യവസായത്തിന്റെ വലുപ്പം മനസ്സിലാക്കുന്നതിന് അമേരിക്കക്കാർ അടുത്തകാലത്ത് പ്രസിദ്ധപ്പെടുത്തിയ ഒരു കണക്ക് ഉദ്ധരിക്കാം. വലുപ്പം കൊണ്ടു നോക്കിയാൽ അമേരിക്കയിലെ വ്യവസായങ്ങളിൽ എട്ടാമത്തെ സ്ഥാനമാണ് അച്ചടിക്കു കിട്ടിയിരിക്കുന്നത്. വർഷംപ്രതി 1500 കോടി ഡോളറാണ് (ഒരു ഡോളർ 7.2 രൂപ) അതു മൂലമുള്ള ആകെ വരുമാനം. അതിന്റെ ഉൾപ്പിരിവു് താഴെ കൊടുക്കുന്നു:–

വർത്തമാനപ്പത്രങ്ങൾ 550 കോടി ഡോളർ.

സാധാരണ അച്ചടി 530 കോടി ഡോളർ.

മാസിക, വാരിക, തുടങ്ങിയവ 250 കോടി ഡോളർ.

പുസ്തകങ്ങൾ/200 കോടി ഡോളർ.

ഇത്രയും വരുമാനമുള്ള അച്ചടിക്ക് എന്തുമാത്രം കടലാസ് വേണ്ടിവരുമെന്ന് ഏറെക്കുറെ ഊഹിക്കാം. അതു മുഴുവനും ഐക്യനാടുകളിൽ തന്നെ നിർമ്മിക്കുന്നതല്ല. കാനഡയിൽ നിന്നും സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നിന്നും ധാരാളം ഇറക്കുമതി ചെയ്യുന്നുണ്ട്. ഇനിയുമിപ്പോൾ റഷ്യയിൽ നിന്നും വരുത്താം. വ്യാപാരത്തിന്റെ കാര്യത്തിലെങ്കിലും ഇരുകൂട്ടരും പരസ്പര ധാരണയിൽ എത്തിയിരിക്കുകയാണല്ലോ. കടലാസുണ്ടാക്കുവാൻ റഷ്യയിൽ ഉള്ളത്ര വിഭവങ്ങൾ ഒരു രാജ്യത്തുമില്ല.

ഇതു്, കഴുത്തറുക്കുന്ന മത്സരത്തിൽ അധിഷ്ഠിതമായ വ്യവസായത്തിന്റെയും വാണിജ്യത്തിന്റെയും യുഗമാണെങ്കിലും ശ്രേഷ്ഠമായ പുസ്തകസംസ്കാരമാണ് അതിന്റെ മുഖ്യലക്ഷണമെന്ന്, ഭംഗിക്കുവേണ്ടിയെങ്കിലും പറയാറുണ്ട്. ലോകമാകെ വർഷംതോറും പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളുടെ കണക്കു ഭീമമാണ്. 1969-ലാണ് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പുറത്തുവന്നതെന്ന് യുനെസ്കോ പറയുന്നു, 4,90,000 പുതിയ ശീർഷകങ്ങൾ! ഓരോന്നിന്റെയും എത്ര പ്രതികൾ അച്ചടിച്ചു എന്നു വ്യക്തമല്ല. ശരാശരി 2000 പ്രതികൾ എന്നു സങ്കല്പിച്ചാൽ തന്നെ നൂറുകോടിയാകും! ഇതു മുഴുവനും കടലാസ്സാണ്. പുതിയ ശീർഷകങ്ങളിൽ 2,25,000 യൂറോപ്പിലും, 76,000 സോവിയറ്റ് യൂണിയനിലുമാണ് പ്രസിദ്ധപ്പെടുത്തിയത്.

ഏതു കാര്യവും അച്ചടിച്ച് കടലാസ്സിലാക്കിയാൽ എന്നെന്നും അവശേഷിക്കുമെന്നാണ്-സാധാരണ ധാരണ. അതിനുവേണ്ടിയാണല്ലോ പഴയ താളിയോലഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഓല വേഗം ദ്രവിച്ചുപോകും; കടലാസ്സ് ആചന്ദ്രതാരം നിലനില്ക്കും. എന്നൊരു സങ്കല്പംഅബോധമായിട്ടെങ്കിലും ഈ സമ്പ്രദായത്തിൽ അന്തർഭവിച്ചിട്ടുണ്ട്. അച്ചടി പ്രചാരത്തിൽ വന്നകാലത്ത് സൂക്ഷ്മദൃക്കുകൾ പുലർത്തിയിരുന്ന പ്രതീക്ഷ നല്ല കടലാസ്സിൽ അച്ചടിച്ച പുസ്തകങ്ങൾ 250 വർഷമെങ്കിലും നിലനിൽക്കുമെന്നാണ്. ഇന്ന് നിലവിലുള്ളതും ഏറ്റവും പഴക്കം കൂടിയതുമായ കടലാസ്സുപുസ്തകം കുമാരജീവന്റെ 'പ്രജ്ഞാപാരമിത' എന്ന ബൗദ്ധസൂത്രത്തിന്റെ ചീനഭാഷയിലുള്ള വിവർത്തനമാണത്രേ. അതു് ക്രിസ്തുവർഷം 868-മേയ് മാസം 11-ാം തീയതിയാണ കടലാസ്സിലാക്കിയതെന്ന് രേഖയുണ്ട്. പക്ഷേ അതു് അച്ചടിച്ചതല്ല. ഒരു കയ്യെഴുത്തുഗ്രന്ഥമാണ്. അച്ചടിക്കടലാസ്സിലുമല്ല. അതിനെക്കാൾ എത്രയോ അധികം ഈടുനില്ക്കുന്ന പഴയ ചീനക്കടലാസ്സാണ്. അച്ചടിക്കടലാസ്സ് ഉപയോഗിക്കുവാൻ തുടങ്ങിയതിനുശേഷം കടലാസ്സ് വ്യവസായം അത്ഭുതകരമായി പുരോഗമിക്കുകയും കടലാസ്സിന്റെ ഗുണം വളരെ വർദ്ധിക്കുകയും ചെയ്തെങ്കിലും, സകലപ്രതീക്ഷകളെയും തകർക്കുന്ന മറ്റൊരു വിപത്ത് ഉണ്ടായിട്ടുണ്ട്. ഇതാണ് പരിസരദൂഷണം അഥവാ ധൂമാലിന്യം. മണ്ണും, വെള്ളവും (മഹാസമുദ്രങ്ങൾ പോലും), വായുവും വ്യവസായവിഷങ്ങൾ കലർന്ന്, അത്യധികം ദുഷിച്ചിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം മനുഷ്യനുൾപ്പെടെയുള്ള ജീവജാലത്തെ മാത്രമല്ല, ശ്രീബുദ്ധൻ പറഞ്ഞതുപോലെ കൂട്ടിച്ചേർത്തുണ്ടാക്കിയ സകലവസ്തുക്കളെയും അതിശീഘ്രം ജീർണ്ണിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രാചീനകാലത്തെ വാസ്തുശില്പങ്ങളെയും, സംസ്കാരാവശിഷ്ടങ്ങളെയും, സ്മാരകങ്ങളെയും, മാർബിൾക്കല്ലിലും വെങ്കലത്തിലും നിർമ്മിച്ച പ്രതിമകളെയും എല്ലാം ഈ വിപത്ത് ഗ്രസിച്ചിരിക്കുന്നു. ഈ ചുറ്റുപാടുകളിൽ ഒരു പുസ്തകവും 50 വർഷത്തിൽ കൂടുതൽ നിലനിൽക്കുമെന്ന് ഇന്ന് ആരും പ്രതീക്ഷിക്കുന്നില്ല. ഇക്കാരണത്താൽ കടലാസ്സിന്റെ ആവശ്യം എത്രയോ മടങ്ങ് വർദ്ധിച്ചിരിക്കുകയാണെന്നു പറയേണ്ടതില്ല.

മറ്റൊരുസംഗതി കൂടി പരിഗണിക്കാനുണ്ട്. മഷിപുരട്ടുവാൻ മാത്രമല്ല ഇന്ന് കടലാസ്സ് ഉപയോഗിക്കുന്നത്. എല്ലാ സാധനങ്ങളും പൊതിയുവാനും, തുടയ്ക്കുവാനും, കാപ്പികുടിക്കുന്ന കപ്പുണ്ടാക്കുവാനും മറ്റും അതു് ധാരാളമായി ഉപയോഗിച്ചു വരുന്നു. വസ്ത്രങ്ങൾ നിർമ്മിക്കുവാനും, വീടുണ്ടാക്കുവാനും കാറുണ്ടാക്കുവാൻപോലും അതു് ഉപയോഗിക്കാമെന്നുപറയുന്നു. സൺമൈക്ക, ഫോർമൈക്ക, എന്നൊക്കെ പറയുന്ന ചിത്രഫലകങ്ങളും കടലാസ്സാണ്. ഇതുപോലെ നൂറുനൂറു് പുതിയ ഉപയോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് ചൈനക്കാരൻ കണ്ടുപിടിച്ച ആ വിദ്യയല്ലാതെ കടലാസ്സുണ്ടാക്കുവാൻ മറ്റൊരു ഉപായവും അറിയപ്പെട്ടിട്ടില്ല. ഇന്നത്തെ അപാരമായ ആവശ്യത്തിനുവേണ്ട മരം എവിടെയിരിക്കുന്നു? വേണ്ടിടത്തോളമുള്ള ആഹാരം വിളയിക്കുവാൻ പോലും സ്ഥലമില്ലാത്ത, 8000 മൈൽ മാത്രം വ്യാസമുള്ള മൂന്നിൽ രണ്ടുഭാഗവും കടലായ, ഈ ഭുവനഗോളത്തിൽ ഇനി ആരും കാട് വച്ചുപിടിപ്പിക്കുമെന്ന് പ്രത്യാശിക്കേണ്ടതില്ല. കടലാസ്സുയുഗം അസ്തമിക്കുകയാണോ?



Digitized by Kerala Sahitya Akademi